ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ത്യൻ സായുധ സേനയെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; ദൗത്യത്തിൻറെ വിശദാംശങ്ങൾ അറിയിക്കാൻ പ്രധാനമന്ത്രി രാഷ്ട്രപതിയെ കണ്ടു. നാളെ സർവകക്ഷി യോഗം ചേരും.

   **Prime Minister Narendra Modi praised the Indian Armed Forces for the success of Operation Sindoor; he met with the President to discuss the details of the mission. A multi-party meeting will be held tomorrow.**

2) കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ അതിർത്തി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗം ചേർന്നു; അതിർത്തി മേഖലകളിൽ സുരക്ഷാ നടപടികൾ ശക്തമാക്കി.

   **A meeting of chief ministers from border states was held under the chairmanship of Union Home Minister Amit Shah; security measures in border areas have been strengthened.**

3) ഇന്ത്യൻ സായുധ സേന വീര്യവും ധൈര്യവും പ്രകടിപ്പിച്ചുകൊണ്ട് ചരിത്രം സൃഷ്ടിച്ചുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh stated that the Indian Armed Forces created history by displaying valor and courage.**

4) ഇന്ത്യയുടെ നടപടി സംയമനത്തിൻറേതെന്നും ആക്രമണം അഴിച്ചുവിട്ടാൽ തിരിച്ചടിക്കുമെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.

**National Security Advisor Ajit Doval mentioned that India's response is measured and that retaliation will occur if attacked.**

5) സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി രാജ്യവ്യാപകമായി മോക്ക് ഡ്രിൽ സംഘടിപ്പിച്ചു; കേരളത്തിൽ മോക്ക് ഡ്രിൽ നടന്നത് 126 സ്ഥലങ്ങളിൽ.

**A nationwide mock drill was organized to assess civil defence preparedness; in Kerala, mock drills were conducted in 126 locations.**

6) ഐപിഎലിൽ ചെന്നൈക്കെതിരെ കൊൽക്കത്ത ബാറ്റിംഗ് തെരഞ്ഞെടുത്തു.

**In the IPL, Kolkata has opted for batting against Chennai.**

&&&&&&&&&&&&&&&&&&

## PM CABINET

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ത്യൻ സായുധ സേനയെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ഭീകരാക്രമണത്തിന് മറുപടി നൽകിക്കൊണ്ട് പാക്

ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സേന നടത്തിയ നിർണായക സൈനിക നടപടിയെക്കുറിച്ച് കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ വിശദീകരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലാണ് ഓപ്പറേഷൻ സിന്ദൂർ നടന്നത്. നിർണായക നീക്കത്തിൽ കേന്ദ്രമന്ത്രിമാർ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ദൗത്യത്തിൻറെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി പ്രധാനമന്ത്രി ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ രാഷ്ട്രപതി ഭവനിൽ സന്ദർശിച്ചു. നാളെ രാവിലെ 11 മണിക്ക് കേന്ദ്ര സർക്കാർ സർവകക്ഷി യോഗവും വിളിച്ചുചേർത്തിട്ടുണ്ട്. ഓപ്പറേഷനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ യോഗത്തിൽ പങ്കുവയ്ക്കും.

&&&&&&&&&&&&&&&&&&

## SINDHOOR – GENERAL (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാനിലെയും, പാക് അധിനിവേശ കശ്മീരിലെയും 9 ഭീകരത്താവളങ്ങളിലാണ് ഇന്ത്യൻ സേന ഇന്നലെ അർദ്ധരാത്രി 1.05 നും 1.30 നും ഇടയിൽ പ്രത്യാക്രമണം നടത്തിയത്. പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകിക്കൊണ്ട് ഭീകരരുടെ താവളങ്ങളെ കൃത്യമായി ലക്ഷ്യം വച്ചുകൊണ്ടായിരുന്നു ആക്രമണം. പാക് സൈനിക കേന്ദ്രങ്ങളെ ഓപ്പറേഷൻ സിന്ദൂറിൽ ലക്ഷ്യമിട്ടിരുന്നില്ല. ആർമി കേണൽ സോഫിയ ഖുറേഷിയും, എയർഫോഴ്സ് വിങ് കമാൻഡർ വ്യോമിക സിങ്ങുമാണ് സൈനിക നടപടിയുടെ വിശദാംശങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചത്. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി പാകിസ്ഥാൻ ഭീകരതയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയായിരുന്നു എന്നും, പ്രത്യാക്രമണത്തിലൂടെ തകർത്ത ഭീകര കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ പങ്കുവച്ചുകൊണ്ട് ഇരുവരും വ്യക്തമാക്കി.

(വോയ്സ്)

&&&&&&&&&&&&&&&&&&

## LOC

നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സേന നടത്തിയ വെടിവയ്പ്പിലും, ഷെല്ലാക്രമണത്തിലും 15 പേർ കൊല്ലപ്പെട്ടു. പൂഞ്ച്, തങ്ധാ മേഖലയിലടക്കം 43 പേർക്ക് പരിക്കേറ്റതായും പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിക്കുകയാണ്.

&&&&&&&&&&&&&&&&&&

## AMIT SHAH

ഓപ്പറേഷൻ സിന്ദൂറിന് ശേഷം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ അതിർത്തി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ഡിജിപിമാർ , ചീഫ് സെക്രട്ടറിമാർ എന്നിവർ യോഗം ചേർന്നു . ജമ്മു കാശ്മീർ , പഞ്ചാബ് , രാജസ്ഥാൻ , ഗുജറാത്ത് , ഉത്തരാഖണ്ഡ് , ഉത്തർപ്രദേശ് , ബിഹാർ , സിക്കിം , പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാരും ലഡാക്ക്, ജമ്മുകശ്മീർ എന്നിവിടങ്ങളിലെ ലഫ്റ്റനൻറ് ഗവർണർമാരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## NSA OPERATION SINDOOR

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യ സ്വീകരിച്ച നടപടികൾ സംയമനം പാലിച്ചായിരുന്നുവെന്നും ഒരു വിധത്തിലും ആക്രമണം അഴിച്ചുവിടാൻ ഉദ്ദേശമില്ലെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. എന്നാൽ പാകിസ്ഥാൻ ആക്രമണം അഴിച്ചുവിടാൻ തീരുമാനിച്ചാൽ ദൃഢനിശ്ചയത്തോടെ തിരിച്ചടിക്കാൻ തയ്യാറാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ദൗത്യത്തിനു ശേഷം അമേരിക്കൻ സുരക്ഷാ ഉപദേഷ്ടാവ് മാർക്കോ റൂബിയോ, ബ്രിട്ടന്റെ സുരക്ഷാ ഉപദേഷ്ടാവ് ജോനാഥൻ പവൽ ഉൾപ്പെടെ വിവിധ രാജ്യങ്ങളുടെ സുരക്ഷാ ഉപദേഷ്ടാക്കളുമായി സംഭാഷണം നടത്തവെയാണ് ശ്രീ. ഡോവൽ ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## Reactions – Ministers +opposition

സായുധ സേന നടത്തിയ ഓപ്പറേഷൻ സിന്ദൂറിനെ കേന്ദ്രമന്ത്രിമാരും പ്രതിപക്ഷവും ഒറ്റക്കെട്ടായി പ്രശംസിച്ചു. പഹൽഗാമിൽ നിരവധി സാധാരണക്കാരെ കൊലപ്പെടുത്തിയ ഹീനമായ പ്രവർത്തിക്കുള്ള മറുപടിയാണ് ഓപ്പറേഷൻ സിന്ദൂറെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. ഭീകരവാദത്തിനെതിരെ ലോകം വിട്ടുവീഴ്ചയില്ലാത്ത മനോഭാവം പുലർത്തണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ വ്യക്തമാക്കി. ഇന്ത്യൻ സേനയെ ഓർത്ത് അഭിമാനം കൊള്ളുന്നതായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സമൂഹമാധ്യമത്തിൽ കുറിച്ചു. പാകിസ്ഥാൻറെ ഭീകരപ്രവർത്തനത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത മനോഭാവമാണ് ഇന്ത്യൻ നയമെന്ന് രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗെ പ്രതികരിച്ചു. കേന്ദ്ര മന്ത്രിമാരായ അശ്വിനി വൈഷ്ണവ്, എൽ. മുരുകൻ, മുഖ്യമന്ത്രിമാരായ പിണറായി വിജയൻ, എം കെ സ്റ്റാലിൻ, എൻ ചന്ദ്രബാബു നായിഡു, മമത ബാനർജി, നിതീഷ് കുമാർ, സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്‌രിവാൾ തുടങ്ങിയവരും സൈന്യത്തെ പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## US – SINDHOOR

ഓപ്പറേഷൻ സിന്ദൂറിൽ പ്രതികരിച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഭിന്നതകൾ ഉടൻ അവസാനിക്കുമെന്ന് പ്രത്യാശിക്കുന്നതായി ട്രംപ് പറഞ്ഞു. ഇന്ത്യയും പാകിസ്ഥാനും സംയമനം പാലിക്കാനും, സംഘർഷങ്ങൾ ലഘൂകരിക്കാനും യു .എ.ഇ അഭ്യർത്ഥിച്ചു. പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിന് എല്ലാ പിന്തുണയും നൽകുമെന്ന് യുഎഇ ഉപപ്രധാനമന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ വ്യക്തമാക്കി. സ്വയം പ്രതിരോധത്തിനുള്ള ഇന്ത്യയുടെ അവകാശത്തെ

പിന്താങ്ങുന്നുവെന്ന് ഇന്ത്യയിലെ ഇസ്രയേലി അംബാസിഡർ റൂവൻ അസാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR – QATAR

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ ബിൻ ജാസിം അൽതാനിയുമായി ആശയവിനിമയം നടത്തി. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് ഖത്തർ പ്രധാനമന്ത്രിയുമായി ചർച്ചകൾ നടന്നതായി ശ്രീ ജയ്ശങ്കർ പിന്നീട് സമൂഹ മാധ്യമത്തിൽ കുറിച്ചു. ഫ്രാൻസ്, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളുടെ പ്രതിനിധികളുമായും ആശയവിനിമയം നടത്തിയതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH – OPERATION SINDOOR (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ തങ്ങളുടെ ശൗര്യവും ധൈര്യവും പ്രകടിപ്പിച്ച നമ്മുടെ സൈന്യം ചരിത്രം രചിച്ചിരിക്കുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് . ന്യൂഡൽഹിയിൽ ബോർഡർ റോഡ് ഓർഗനൈസേഷൻറെ അൻപത് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൗത്യത്തിൽ സായുധസേന കൃത്യതയോടും ജാഗ്രതയോടും കൂടി പ്രവർത്തിച്ചതായി അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ ഒരു സാധാരണക്കാരനെയും ബാധിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിലൂടെ സായുധ സേന സംവേദനക്ഷമത വ്യക്തമാക്കിയതായും മന്ത്രി പറഞ്ഞു.

**(ഹോൾഡ് VOICE)**

&&&&&&&&&&&&&&&&&&

## KERALA-MOCK DRILL

സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി രാജ്യത്ത് ഇന്ന് മോക്ക് ഡ്രിൽ നടന്നു. സിവിൽ ഡിഫൻസ്

തയ്യാറെടുപ്പുകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായുള്ള മോക്ക് ഡ്രിൽ കേരളത്തിൽ 126 ഓളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. പോലീസ്, ഫയർ സർവീസ് ഉദ്യോഗസ്ഥർ, സിവിൽ ഡിഫൻസ് വളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ നിർദേശപ്രകാരമാണ് മോക് ഡ്രിൽ നടത്തിയത്. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംഘർഷ സാധ്യത കണക്കിലെടുത്തതാണ് സിവിൽ ഡിഫൻസ് മോക്ഡ്രിൽ സംഘടിപ്പിച്ചത്. ലക്ഷദ്വീപിൽ ദുരന്തനിവാരണ അതോറിറ്റി, ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ളവർ 10 ദ്വീപുകളിലായി നടന്ന മോക് ഡ്രില്ലിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## RAJASTHAN + PUNJAB ALERT

ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ പഞ്ചാബിലെ അതിർത്തി മേഖലകളിൽ സുരക്ഷ വർധിപ്പിച്ചു. ഏത് സാഹചര്യത്തെയും നേരിടാൻ ബിഎസ്എഫ് സജ്ജമായിരിക്കുകയാണ്. പാകിസ്ഥാനുമായി പഞ്ചാബ് 553 കിലോമീറ്റർ ദൈർഘ്യത്തിൽ അതിർത്തി പങ്കിടുന്നുണ്ട്. രാജസ്ഥാനിൽ ബിക്കാനീർ, ജോഥ്പൂർ, കിഷൻഗഡ്, ജയ്പൂർ വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകൾ നിർത്തിവച്ചു. നാല് അതിർത്തി ജില്ലകളിലെ സർക്കാർ- സ്വകാര്യ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകളും മാറ്റിവച്ചു. സർക്കാർ ഉദ്യോഗസ്ഥരുടെ അവധി റദ്ദാക്കുകയും തലസ്ഥാനം വിട്ട് പോകരുതെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## AIRPORT

സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ശ്രീനഗർ വിമാനത്താവളം അടച്ചതായി വ്യോമസേന അറിയിച്ചു. ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട്

എന്നിവിടങ്ങളിലെ വിമാനസർവീസുകൾ നിർത്തിവച്ചതായി എയർ ഇന്ത്യ, സ്പൈസ്ജെറ്റ്, ഇൻഡിഗോ ഉൾപ്പെടെയുള്ള എയർലൈൻ

കമ്പനികൾ വ്യക്തമാക്കി. ഇന്തോ-പാക് അതിർത്തി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## CBI – DIRECTOR

സിബിഐ ഡയറക്ടർ പ്രവീൺ സൂദിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്ര മന്ത്രിസഭ സമിതി തീരുമാനിച്ചു. ഈ മാസം 25- നാണ് പ്രവീൺ സൂദിന്റെ കാലാവധി അവസാനിക്കുന്നനത്. കർണാടക കേഡറിലെ ഐപിഎസ് ഉദ്യോഗസ്ഥനാണ് പ്രവീൺ സൂദ്.

&&&&&&&&&&&&&&&&&&

## PAPAEL CONCLAVE

അടുത്ത പോപ്പിനെ തിരഞ്ഞെടുക്കാനുള്ള പേപ്പൽ കോൺക്ലേവിനു വത്തിക്കാനിൽ തുടക്കമായി. രാവിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനയർപ്പണത്തിനു ശേഷമായിരുന്നു വോട്ടവകാശമുള്ള കർദിനാൾമാരുടെ സംഘം സിസ്റ്റിൻ ചാപ്പലിൽ തെരഞ്ഞെടുപ്പിനായി ഒത്തുകൂടിയത്. ഓരോ കർദിനാൾമാർക്കും ഒരാളുടെ പേര് നാമനിർദേശം ചെയ്യാം. ഇലക്ടറൽ കോളേജിന്റെ മൂന്നിൽ രണ്ട് അംഗങ്ങൾ പിന്തുണക്കുന്ന കർദിനാൾ സമ്മതിച്ചാൽ അദ്ദേഹമായിരിക്കും അടുത്ത പോപ്പ്. അപ്പോൾ സിസ്റ്റൈൻ ചാപ്പലിൽ നിന്നും വെളുത്ത പുക ഉയരും. പ്രക്രിയ പരാജയപ്പെട്ടാൽ കറുത്ത പുക ആയിരിക്കും ഉയരുക.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ബാറ്റിംഗ് തെരഞ്ഞെടുത്തു. കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**WEATHER**

കേരളത്തിൽ ഇന്നും നാളെയും മറ്റന്നാളും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാസ്ഥാ വകുപ്പ്. അതേസമയം കോഴിക്കോട്, പാലക്കാട്, കൊല്ലം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ വരെ ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&

&&&

&&

&